കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ– IEC പദ്ധതിയിലുൾപ്പെടുത്തി "ഐ.ഇ.സി പ്രോഗ്രാം- ഹ്രസ്വ വീഡിയോ നിർമ്മാണം 2026-27" പദ്ധതി -ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന (ബി)വകുപ്പ്

**G.O.(Rt)No.288/2026/WCDD** **Dated,18/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52407 കാലാവധി : 31/03/2027

AS/WCD/26/52407

പരാമർശം:-

1. സ.ഉ.(സാധാ)നം. 221/2025/ഡബ്ള്യുസിഡിഡി തീയതി. 28/05/2025.
2. വനിതാ-ശിശു വികസന ഡയറക്ടറുടെ 09.07.2026-ലെ DWCD/1992/2025– NCPO1 നമ്പർ കത്ത്.
3. 24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

<u>ഉത്തരവ്</u>

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അതിജീവിതർക്ക് പുനരധിവാസ പ്രവർത്തനങ്ങൾ നൽകി സാമൂഹ്യ പുനരേകീകരണം സാധ്യമാക്കുന്നതിനും വേണ്ടി വനിതാ-ശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയ സെൽ പ്രവർത്തിച്ചു വരുന്നു. പ്രതിരോധം, സംരക്ഷണം, പുനരധിവാസം, നിയമനടത്തിപ്പ് എന്നീ നാല് മേഖലകളിലൂടെയാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. പോക്സോ ചട്ടം 3(2) പ്രകാരം ശക്തമായ ബോധവത്കരണത്തിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. പ്രസ്തുത ബോധവത്കരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയും പൊതുയിടങ്ങളായ പഞ്ചായത്ത് ഭവനുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, സ്കൂളുകൾ, കോളേജുകൾ, ബസ് ടെർമിനലുകൾ, റെയിൽവേ സ്റ്റേഷനുകൾ, പൊതു സമ്മേളന സ്ഥലങ്ങൾ, വിമാനത്താവളങ്ങൾ, ടാക്സി സ്റ്റാൻഡുകൾ, സിനിമാ തിയേറ്ററുകൾ, ഇന്റർനെറ്റ്, സോഷ്യൽ മീഡിയ പോലുള്ള വെർച്ചൽ

---

ഇടങ്ങളിലും കൂടാതെ എല്ലാ പ്രധാന സ്ഥലങ്ങളിലും അതിക്രമങ്ങൾ ചെറുക്കാനുതകുന്ന തരത്തിൽ പ്രചരണം നടത്തേണ്ടതുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ IEC പദ്ധതി പ്രകാരം ഹ്രസ്വ ചിത്ര നിർമാണത്തിന് നാല്പത്തി അഞ്ചു ലക്ഷം രൂപ വിനിയോഗിക്കുന്നതിലേക്ക് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഒന്നിലധികം പ്രാവശ്യം താത്പര്യപത്രം ക്ഷണിച്ചിട്ടും ഏജൻസികൾ ഒന്നും തന്നെ അപേക്ഷ നൽകാത്തതിനെ തുടർന്ന് എംപാനെൽ ഏജൻസിയായ ksfdc യുമായി ചർച്ച നടത്തുകയും, ksfdc പ്രൊപോസൽ സമർപ്പിക്കയും ചെയ്തിരുന്നുവെന്നും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലാണ് നടപ്പ് സാമ്പത്തിക വർഷം വീണ്ടും പ്രൊപോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വനിതാ-ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പോക്സോ നിയമത്തിൻറെ അടിസ്ഥാനത്തിൽ ഹ്രസ്വവിഡിയോ നിർമ്മാണം

കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ ചട്ടം 2020 റൂൾ 3(2) പ്രകാരം ലൈംഗികാതിക്രമത്തെ ചെറുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിനായി രണ്ടു മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ഹ്രസ്വ വീഡിയോ നിർമ്മാണം.

പദ്ധതി നിർവ്വഹണം

സർക്കാർ എംപാനൽ ഏജൻസികളിൽ നിന്നും നേരിട്ടോ അഥവാ താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് മറ്റ് ഏജൻസികൾ മുഖേനയോ ഹ്രസ്വ ചിത്രം നിർമ്മിക്കാവുന്നതാണ്.

വകുപ്പ് ഡയറക്ടർ, ഫിനാൻസ് ഓഫീസർ, ലോ ഓഫീസർ, സ്റ്റേറ്റ് നിർഭയസെൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവരടങ്ങുന്ന ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഏജൻസിയെ തീരുമാനിക്കുന്നത്, പ്രൊപോസൽ അംഗീകരിക്കുന്നത്, ഹ്രസ്വ ചിത്രത്തിന്റെ ഉള്ളടക്കം സൂക്ഷ്മ പരിശോധന ചെയ്യുന്നത് മുതലായവയുൾപ്പെടെയുള്ള എല്ലാ ഘടകങ്ങളും ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. കമ്മിറ്റിയുടെ അംഗീകാരത്തോടെയും പരമാവധി തുകയിൽ നിജപ്പെടുത്തി കൊണ്ടും ഗുണമേന്മയിൽ കുറവ് വരാത്ത വിധത്തിലും കൂടുതൽ എണ്ണം ഹ്രസ്വ ചിത്രങ്ങൾ/റീലുകളും നിർമ്മിക്കാവുന്നതുമാണ് .

ധനകാര്യ വിശകലനം

സിനിമാ ശാലകളിൽ ഉൾപ്പെടെ പ്രദർശിപ്പിക്കാൻ സാധിക്കുന്ന ഉന്നത ഗുണനിലവാരത്തോടും മികച്ച കണ്ടന്റോടും കൂടിയ 2 മിനിറ്റിൽ താഴെ ദൈർഘ്യമുള്ള ഒരു ഹ്രസ്വ വീഡിയോയ്ക്ക് 15 ലക്ഷം രൂപ പ്രകാരം 3 എണ്ണം നിർമ്മിക്കാവുന്നതാണ്. പൂർണ്ണമായും പ്രീ പോസ്റ്റ് പ്രൊഡക്ഷൻ ഉൾപ്പെടുത്തിയാണ് ടി ഹ്രസ്വ വീഡിയോ നിർമ്മാണ പദ്ധതി.

15 ലക്ഷം * 3 = 45 ലക്ഷം രൂപ (നാല്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിക്കാവുന്നതാണ് .

നിർഭയ പ്രവർത്തനങ്ങൾക്ക് 2026-27 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. “ഐ ഇ സി പദ്ധതി - ഹ്രസ്വ വീഡിയോ നിർമ്മാണം 2026-27” എന്ന പദ്ധതിയ്ക്ക് ആവശ്യമായ 45,00,000/-(നാല്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68 (പ്ലാൻ 01) (നിർഭയ പ്രോഗ്രാംസ് - 34 അദർ ചാർജ്ജസ് 3) അദർ ഐറ്റംസിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നല്കണമെന്ന്

AS/WCD/26/52407

വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.
(2) 24.07.2026-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശ അംഗീകരിച്ചിട്ടുണ്ട്.
(3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അംഗീകൃത ഏജൻസി മുഖാന്തിരം പദ്ധതി നടപ്പിലാക്കണമെന്ന വ്യവസ്ഥയിൽ, "ഐ ഇ സി പദ്ധതി - ഹ്രസ്വ വീഡിയോ നിർമ്മാണം 2026-27" എന്ന പദ്ധതിയ്ക്ക് ആവശ്യമായ 15,00,000 * 3 = 45,00,000/- രൂപ (നാല്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ 2235-02-103-68 (പ്ലാൻ 01) (നിർഭയ പ്രോഗ്രാംസ് - 34 അദർ ചാർജ്ജസ് 3) അദർ ഐറ്റംസിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-01-34-3-P-V | 45,00,000 | AS/WCD/26/52407 | 2027-03-31 |

പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | IEC പദ്ധതിയിലുൾപ്പെടുന്ന ഹ്രസ്വവീഡിയോ നിർമ്മിക്കുന്നത് 2026 27 ഭരണാനുമതി | 45,00,000 |
| ആകെ (നാല്പത്തി അഞ്ച് ലക്ഷം രൂപ) | | **45,00,000** |

AS/WCD/26/52407

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
അഡീഷണൽ സെക്രട്ടറി
Women and Child Development

ഡയറക്ടർ, വനിതാ-ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വനിത ശിശു വികസന (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,
SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:20:56 +05:30

AS/WCD/26/52407